"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - ചാലക്കുടി നഗരസഭയിലെ ഇന്ത്യൻ റിപ്പബ്ളിക് മെമ്മോറിയൽ Aided എൽ പി സ്കൂൾ (IRMLPS) എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഏറ്റെടുക്കാൻ ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു .

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(കൈ) നം.64/2025/LSGD തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ 21/03/2018 ലെ 4.42 തീരുമാനം
2. സ.ഉ.(സാധാ)നം. 1635/2018 /ത സ്വ ഭ വ തീയതി 16.06.2018
3. ചാലക്കുടി നഗരസഭയുടെ 01.02.2019 ലെ 13-ാം നമ്പർ കൗൺസിൽ തീരുമാനം
4. ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ 20.02.2019 ലെ ജി4(ഇ4)6601/08 നമ്പർ കത്ത്
5. നഗരകാര്യ ഡയറക്ടറുടെ 30.03.2019 ലെ ജി2-4747/2019 നമ്പർ കത്ത്
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.05.2024, 14.08.2024, 13.11.2024 തീയതികളിലെ LSGD/PD/17988/2024-DPLA3 നമ്പർ കത്തുകൾ
7. ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ 09/10/2024 ലെ G4(E4)/6601/08 നമ്പർ കത്ത്
8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.01.2025 ലെ എൻ.എസ്.2/17560/2024/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയിലെ Aided മാനേജ്മെന്റ് സ്കൂളായ ഇന്ത്യൻ റിപ്പബ്ളിക് മെമ്മോറിയൽ ലോവർ പ്രൈമറി (IRMLP) സ്കൂളിന്റെ നടത്തിപ്പിന് മാനേജ്മെന്റിന് ശേഷിയില്ലാത്തതിനാൽ അപകടാവ സ്ഥയിലായ സ്കൂൾ നഗരസഭ ഏറ്റെടുത്ത് നവീകരിക്കുന്നതിനായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ പരാമർശം (1) ലെ തീരുമാനപ്രകാരം സ്കൂളിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നഗരസഭാ ഫണ്ട് വിനിയോഗിക്കുന്നതിന് മാനേജ്മെന്റിൽ നിന്നും സ്കൂൾ സർക്കാരിലേയ്ക്ക് വിട്ടുതരുന്നുവെന്ന കരാർ വാങ്ങണമെന്ന നിബന്ധനയോടെ സ്കൂളിന്റെ അറ്റകുറ്റപ്പണികൾ

നടത്തുന്നതിന് ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2) ചാലക്കുടി നഗരസഭയിലെ മാനേജ്മെന്റ് സ്കൂളായ IRMLP സ്കൂൾ ഉൾപ്പെടുന്ന **52.750 സെന്റ്** ഭൂമി ചാലക്കുടി നഗരസഭയ്ക്ക് മാനേജ്മെന്റ് കമ്മിറ്റി അവകാശ ഒഴിമുറിയായി നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി സ്കൂൾ പൂർണ്ണമായും ചാലക്കുടി നഗരസഭ ഏറ്റെടുക്കണമെന്ന് നഗരസഭയുടെ സെക്രട്ടറി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) ലെ റിപ്പോർട്ട് പ്രകാരം ടി സ്കൂൾ നഗരസഭ ഏറ്റെടുക്കുന്നതിന് എതിർപ്പില്ലെന്നും, എയ്ഡഡ് സ്കൂളായ IRMLP സ്കൂളിലെ അധ്യാപക നിയമനങ്ങൾ കേരള എജ്യൂക്കേഷൻ ആക്ട് ആന്റ് റൂൾസ് അനുസരിച്ചാണ് നടത്തുന്നതെന്നും, സ്കൂളിൽ പ്രധാന അധ്യാപകന്റെ ഒരു സ്ഥിരം തസ്തിക മാത്രമേയുള്ളൂവെന്നും, ദിവസ വേതന/സംരക്ഷിത അധ്യാപകരെക്കൊണ്ട് നികത്താവുന്ന 3 തസ്തികകൾ മാത്രമാണ് സ്കൂളിലുള്ളതെന്നും അനധ്യാപക തസ്തിക ഇല്ലായെന്നും, ടി സ്കൂളിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് സർക്കാരാണെന്നും, സ്കൂളിലെ വിദ്യാർഥികൾക്കാവശ്യമായ യൂണിഫോം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവ നൽകുന്നത് വിദ്യാഭ്യാസ വകുപ്പും, സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കൊടുക്കുന്നത് ചാലക്കുടി നഗരസഭയുമാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ടി സ്കൂളിൽ നിലവിൽ 24 കുട്ടികൾ പഠിക്കുന്നുണ്ടെന്ന് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) പരാമർശം (8) ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ടി സ്കൂൾ ചാലക്കുടി നഗരസഭ ഏറ്റെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് എതിർപ്പില്ലായെന്നും, സ്കൂൾ നിലനിൽക്കുന്ന പ്രദേശത്തെ പ്രാഥമിക വിദ്യാഭ്യാസത്തിന് ഏക ആശ്രയം ഈ വിദ്യാലയമാണെന്നും അറിയിച്ചിട്ടുണ്ട്. 2024-25 അധ്യയന വർഷത്തിലെ തസ്തിക നിർണയം പ്രകാരം 1 പ്രധാന അധ്യാപക തസ്തികയും 3 ലോവർ പ്രൈമറി സ്കൂൾ ടീച്ചറുൾപ്പെടെ 4 തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും, ടി സ്കൂളിന് 1 കിലോ മീറ്റർ ചുറ്റളവിൽ വിദ്യാലയങ്ങൾ ഒന്നും തന്നെയില്ലായെന്നും, മറ്റ് സ്കൂളുകൾ 3 -3.5 കിലോ മീറ്റർ അകലെത്തിലായതിനാലും ടി വിദ്യാലയത്തിന് തുടർന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ വിദ്യാലയത്തിൽ ഉണ്ടെന്നും, സ്കൂൾ ഏറ്റെടുക്കുന്നത് വഴി ചാലക്കുടി ടൗണിൽ നിന്നും അധികം ദൂരമില്ലാത്ത എല്ലാ സൗകര്യങ്ങളോടും കൂടിയ മികച്ച വിദ്യാലയം നിർമ്മിക്കുന്നതിനുള്ള 52 സെന്റ് സ്ഥലം സർക്കാരിലേയ്ക്ക് മുതൽക്കൂട്ട് ആകുന്നതാണെന്നും, സ്കൂൾ ചാലക്കുടി നഗരസഭ ഏറ്റെടുക്കുന്നത് പ്രദേശവാസികളായ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് ഗുണപരമാകുന്നതാണെന്നും പരാമർശം (8) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി നഗരസഭയിലെ മാനേജ്മെന്റ് സ്കൂളായ ഇന്ത്യൻ റിപ്പബ്ളിക് മെമ്മോറിയൽ ലോവർ പ്രൈമറി (IRMLP) സ്കൂളിന്റെ മാനേജിംഗ് കമ്മിറ്റി അവകാശം യാതൊരു പ്രതിഫലവും കൈപ്പറ്റാതെ ചാലക്കുടി നഗരസഭയ്ക്ക് അവകാശം ഒഴിമുറിയായി നൽകിയിട്ടുള്ളതിനാലും ടി സ്കൂൾ ചാലക്കുടി നഗരസഭയ്ക്ക് പൂർണ്ണമായി അധികാരപ്പെടുത്തി സർക്കാർ ഏറ്റെടുക്കുന്നതിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് എതിർപ്പില്ലെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിലും , ചാലക്കുടി IRLMP സ്കൂളിന് 1 കിലോമീറ്റർ ചുറ്റളവിൽ വിദ്യാലയങ്ങൾ ഒന്നും തന്നെ ഇല്ലായെന്നും മറ്റ് സ്കൂളുകൾ 3-3.5 കി.മി

അകലത്തിലാണുള്ളതെന്നും, ഒരു പ്രധാന അദ്ധ്യാപിക 2 ദിവസവേതന അധ്യാപകർ എന്നിവർ മാത്രമുള്ള സ്കൂളിന്റെ ദൈനദിന ചെലവുകൾ മുനിസിപ്പാലിറ്റി കണ്ടെത്തിയാൽ മതിയാകുമെന്നതിനാലും സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയുന്ന സാഹചര്യത്തിൽ ടി സ്കൂൾ ചാലക്കുടി നഗരസഭ ഏറ്റെടുക്കുന്നത് വഴി ചാലക്കുടി ടൗണിൽ നിന്നും അധികം ദൂരമില്ലാത്ത എല്ലാ സൗകര്യങ്ങളോടും കൂടിയ മികച്ച വിദ്യാലയം നിർമ്മിക്കുന്നതിനുള്ള 52.750 സെന്റ് സ്ഥലം നഗരസഭയ്ക്ക് മുതൽക്കൂട്ട് ആകുന്നതാണെന്നും, സ്കൂൾ പൂർണ്ണമായും നഗരസഭ ഏറ്റെടുക്കുന്നത് പ്രദേശവാസികളായ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് ഗുണപരമാകുമെന്നതും ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം ഇന്ത്യൻ റിപ്പബ്ളിക് മെമ്മോറിയൽ ലോവർ പ്രൈമറി (IRMLP) Aided സ്കൂൾ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഏറ്റെടുക്കാൻ ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 05-04-2025 15:55:50
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, ചാലക്കുടി നഗരസഭ, തൃശ്ശൂർ ജില്ല
3. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പട്ടം, തിരുവനന്തപുരം
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
6. പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് (നം. എൻ3/95/2022/പൊ.വി.വ തീയതി 05.09.2022)
7. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി
9. കരുതൽ ഫയൽ (ഡി.ബി1/100/2024/എൽ.എസ്.ജി.ഡി)